# വിശാല കൊച്ചി വികസന അതോറിറ്റി

**പി.ബി. നമ്പർ 2012 ഫോൺ : 2205061 ഫാക്സ് 91 484 2206230 കൊച്ചി-682020**

**Website : (www.gcda.kerala.gov.in); E-mail : gcdaonline@gmail.com**

*"ഭരണഭാഷ - മാതൃഭാഷ"*

നമ്പർ. 6098/ഐ.ഒ./2017/ജി.സി.ഡി.എ. തീയതി, 24.08.2017

പ്രേഷിതൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ശ്രീ. വിനോദ് ഡി.
ചെമ്മങ്ങാട്ടിൽ വീട്,
തൊഴുവാനൂർ പോസ്റ്റ്,
വാളാഞ്ചേരി - 676 552.

സർ,

വിഷയം:- ജി.സി.ഡി.എ. - ഭരണ വിഭാഗം - വിവരാവകാശ നിയമം - വിവരങ്ങൾ നൽകൽ - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 29.07.2017 തീയതിയിൽ ലഭിച്ച അപേക്ഷ.

----------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ താഴെ കാണും പ്രകാരം നൽകുന്നു.

ചോദ്യം :- സാറ്റലൈറ്റ് സിറ്റി നിർമ്മാണത്തിനായി തൃപ്പൂണിത്തുറയിൽ സ്ഥലം ഏറ്റെടുക്കുവാനുള്ള പ്രൊപ്പോസൽ നോട്ടിഫിക്കേഷൻ മാതൃഭൂമി ദിനപത്രത്തിൽ 06.06.1995-ന് ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിന്റെ ഇപ്പോഴത്തെ അവസ്ഥയും തുടർ നീക്കങ്ങളും ദയവുചെയ്ത് അറിയിക്കുവാൻ വിവരാവകാശ നിയമപ്രകാരം അപേക്ഷിക്കുന്നു. ഈ പദ്ധതി ഇപ്പോഴും ബാധകമാണെങ്കിൽ ഏതെല്ലാം സർവ്വേ നമ്പരുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുവാനും അഭ്യർത്ഥിക്കുന്നു?

ഉത്തരം :- തൃപ്പൂണിത്തുറയിലെ ഉദയംപേരൂരിൽ സാറ്റലൈറ്റ് സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള പദ്ധതി ഏറ്റെടുക്കേണ്ടിയിരുന്നത് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ആണ്. സ്ഥലം ഏറ്റെടുക്കുന്നത് നിർത്തി വയ്ക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും ആവശ്യപ്പെട്ടതിൻ പ്രകാരം 15.06.1996-ൽ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ആയതിന് ശേഷം തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

അപ്പീൽ അധികാരിയുടെ മേൽവിലാസം

**എം.സി. ജോസഫ്**
അപ്പലേറ്റ് അതോറിറ്റി/ സെക്രട്ടറി
ജി.സി.ഡി.എ, കൊച്ചി- 682020.

വിശ്വസ്തതയോടെ,

**എ. ഇമാമിൻ മുബീൻ**
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

RPR